31

# “എന്നിൽ നിങ്ങൾക്കു സമാധാനം ഉണ്ട്”

## (16:1- 33)

*ഈ വേദഭാഗത്തിൽ നിന്നു ഞാൻ പ്രസംഗിക്കേണ്ട ആഴ്ച്ചയുടെ തൊട്ടുമുൻപു, ഞാൻ താമസിച്ചിരുന്ന സ്ഥലത്തു ഞെട്ടിപ്പിക്കുന്ന രണ്ടു സംഭവങ്ങൾ നടന്നു. ഒന്ന്, ബെയിസ്ബാൾ കളിക്കുന്നതിനിടയിൽ പതിനഞ്ചു - വയസ് പ്രായമുള്ള കുട്ടിയുടെ മരണമായിരുന്നു. വൈകുന്നേരത്തെ ആദ്യത്തെ ഗെയിമിൽ, അവൻ നല്ലൊരു ഷോട്ടടിച്ചു ടീമിനു ആദ്യ പോയിന്റ് ലഭിച്ചു. പിന്നെ, അവൻ നടന്നു ടീമിലേക്കു വരുമ്പോൾ കുഴഞ്ഞു വീണുമരിച്ചു. ഒരു നിമിഷം, അവൻ അരോഗദൃഢഗാത്രനെന്നു തോന്നിച്ചു, അടുത്ത നിമിഷം മരിക്കുകയും ചെയ്തു. അതേ ആഴ്ച്ചയിലെ രണ്ടാമത്തെ ദുഃഖ സംഭവം, മുപ്പത്തി - അഞ്ചു - വയസു പ്രായമുള്ള ഒരു ക്രിസ്തീയ സ്ത്രീയെ അവളുടെ പതിനൊന്നു - വയസു - പ്രായമുള്ള മകളുടെ ഭ്രാന്തമായ അടികൊണ്ടു മരിച്ചു. ഈ രണ്ടു ആശ്വാസമായ മായകളും അടുത്തടുത്ത ദിവസങ്ങളിൽ നടന്നതാണ് - നല്ല ആരോഗ്യമുള്ള ആളുകൾ മരണത്തിനിരയാകുന്നതാണ് മായ, ആ സമൂഹം കുറ്റകൃത്യത്തിനു സാക്ഷിയാവുകയും ചെയ്തു. ആ ആഴ്ച്ചയിലെ സംഭവങ്ങൾ ഞങ്ങൾക്കു തെറ്റിദ്ധാരണയും അന്ധാളിപ്പും ഉണ്ടാക്കി എന്നു പറയേണ്ട ആവശ്യമില്ല. “തെറ്റിദ്ധാരണയും” “അന്ധാളിപ്പും” യോഹന്നാൻ 16-ൽ ശിഷ്യന്മാരുടെ മാനസികാവസ്ഥ പറയുവാൻ ഏറ്റവും അനുയോജ്യമായ വാക്കുകളാണ്, അതിന്റെ ഫലമായി, അത്തരം പ്രയാസമുള്ള ആഴ്ച്ചയിൽ അതുതന്നെയാണ് പറ്റിയ വേദഭാഗം.*

---

യാക്കൊബ് ദൈവത്തോടു മൽപിടുത്തം നടത്തിയതുപോലെയാണ് പ്രസംഗിക്കുവാൻ തയ്യാറാകൽ.[1] യാബോക്ക് നദിയുടെ കരയിലൂടെ തനിയെ നടക്കുകയായിരുന്നു, യാക്കൊബ് തന്റെ ചിന്തകളുമായി, തന്റെ ഓർമ്മകളുമായി, അവന്റെ ഭയം, എന്നിവയുമായി അവൻ മല്ലിട്ടുകൊണ്ടിരുന്ന സമയം. അടുത്തദിവസം സൂര്യൻ ഉദിക്കാറായി, യാക്കൊ

ബിന്റെ എതിരാളി പറഞ്ഞു യാക്കോബ് പൊയ്ക്കൊള്ളട്ടെ. എന്നാൽ യാക്കോബ് അതിനു തയ്യാറായില്ല, "നീ എന്നെ അനുഗ്രഹിക്കാതെ ഞാൻ നിന്നെ വിടുകയില്ല" (ഉല്പത്തി 32:26). പ്രസംഗം എന്നതു അതു പോലെയാണ്: ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ പ്രയാസമുള്ള വേദഭാഗങ്ങളിൽ തട്ടിത്തടഞ്ഞ്, എങ്ങും എത്തുകയില്ല. എങ്ങനെയായാലും, ആ പോരാട്ടം നമ്മെ നിരാശരാക്കുന്നില്ല; അതു "പിടിച്ചു നില്ക്കുവാൻ" നമ്മെ ഉത്തേജിപ്പിക്കയും അവസാനം ആ ഭാഗം അനുഗ്രഹമായിത്തീരുകയും ചെയ്യും.

അതായിരുന്നു യോഹന്നാൻ 16 മായുള്ള എന്റെ അനുഭവം. ആ ആഴ്ച്ച മുഴുവനും സന്ദേശത്തിന്റെ ചുരുക്കവും അതിനെ രൂപപ്പെടുത്തുന്നതിനുമായി ഞാൻ വളരെ പരിശ്രമിച്ചു എന്നു തോന്നും: വളരെ കാര്യങ്ങൾ നടന്നുകൊണ്ടിരുന്നതുകൊണ്ട്, വളരെ കാര്യങ്ങൾ പറയേണ്ടിയിരുന്നു. പിന്നെ, ഒരു ദിവസം കാലത്തു ഞാൻ ജോലിക്കു പോകുമ്പോൾ, എന്നെ നിരാശയിലാഴ്ത്തിയ സ്വഭാവമുള്ള അതേ വേദഭാഗം തന്നെയാണ് ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ ശക്തിയും വിശ്വാസ്യതയും ഉറപ്പും വരുത്തുന്നതു എന്നു പറയട്ടെ. അതു ലാളിത്യവും, കിഴിവും, സംഘടിപ്പിക്കലും നിർവ്വചിക്കുന്നുണ്ട്; എന്നാൽ പിന്നെ, ജീവിതത്തിൽ മിക്കവാറും അതു നിർവ്വഹിക്കുന്നുമുണ്ട്! മാറ്റുകയും, ചുഴറ്റുകയും ചെയ്യുന്ന യോഹന്നാൻ 16 ലെ അടിയന്തിര സന്ദേശം ഒരു പക്ഷെ നമ്മുടെ പഠനത്തിനു യോജിച്ചതായിരിക്കും.

ഈ അദ്ധ്യായത്തിലെ സന്ദേശത്തിലേക്കു നാം കടക്കുന്നതിനു മുൻപു, ഈ സുവിശേഷത്തിൽ അതെവിടെ വരുന്നു എന്നു നോക്കണം. പന്ത്രണ്ടു അദ്ധ്യായങ്ങളിലെ യേശുവിന്റെ പരസ്യശുശ്രൂഷക്കു ശേഷം, അദ്ധ്യായങ്ങൾ 13 മുതൽ 17 വരെ നിറഞ്ഞുനില്ക്കുന്നതു യേശുവും ശിഷ്യന്മാരും തമ്മിൽ കൈമാറുന്ന സന്ദേശമാണ്. തന്റെ മരണം ആസന്നമായതുകൊണ്ടു, യേശു ശിഷ്യന്മാരെക്കുറിച്ചു വിചാരം ഉള്ളവനായിരുന്നു. അതിന്റെ ഫലമായി, ഈ നാലു അദ്ധ്യായങ്ങളിലെ ഉപദേശങ്ങൾ താൻ പോയശേഷം ശിഷ്യന്മാർക്കു ആവശ്യമായ ഒരുക്കം നടത്തേണ്ടതിനായിരുന്നു. നമ്മുടെ വേദഭാഗമായ, അദ്ധ്യായം 16 ആകുമ്പോഴേക്ക്, യേശു അവരുടെ കാലുകൾ കഴുകി, യൂദ അവനെ ഒറ്റിക്കൊടുക്കുന്നതിനു പോയി, ഞാൻ "പോകുന്നു എന്ന്," യേശു അവരോടു പറയുകയും, വരുവാനുള്ള ഉപദ്രവത്തെ അവൻ മുന്നറിയിക്കുകയും ചെയ്തു.

## "പരിശുദ്ധാത്മാവിനെ അനുഗമിക്കുക"
## (16:5-15)

തന്റെ പുറപ്പെട്ടുപോകലിന്റെ ഒരുക്കം തുടർന്നുകൊണ്ടിരുന്നപ്പോൾ, താൻ പോകുന്നതു അവരുടെ പ്രയോജനത്തിനാണെന്നു യേശു ശിഷ്യന്മാരോടു പറയുവാൻ തുടങ്ങി (16:7). താൻ പോയാൽ മാത്രമെ "കാര്യസ്ഥൻ"[2] വരികയുള്ളൂ എന്നവൻ പറഞ്ഞു. കാര്യസ്ഥൻ, പരിശുദ്ധാത്മാവു, ഇന്നു പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുകയും യേശു തുടങ്ങിയ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കെ യേശു പറഞ്ഞു,

> ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ട്, എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും; അവൻ എനിക്കുള്ളതിൽ നിന്നു നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും (16:12–14).

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ചർച്ച ഇന്നു പലപ്പോഴും തെറ്റിദ്ധാരണയും വിഭജനവും ഉണ്ടാക്കുന്നു. ഈ വേദഭാഗത്തു പരിശുദ്ധാത്മാവിനെ പരാമർശിച്ചു എല്ലാം പ്രതിപാദിക്കുന്നില്ല എങ്കിലും, പരിശുദ്ധാത്മാവിന്റെ ദൗത്യത്തെപ്പറ്റി പറയുന്നുണ്ട്: യേശുവിന്റെ അനുയായികളെ സകല സത്യത്തിലും വഴി നടത്തുകയാണ്. അന്നു പരിശുദ്ധാത്മാവു അപ്പൊസ്തലന്മാരെ "സകല സത്യത്തിലും വഴി നടത്തിയതുകൊണ്ടു" ഇന്നു ക്രിസ്ത്യാനികൾക്കു സകല സത്യവും ഉണ്ട്. കൂടാതെ പരിശുദ്ധാത്മാവു തന്നിലേക്കു ആളുകളെ ആകർഷിക്കുകയല്ല, പുത്രനെ മഹത്വപ്പെടുത്തുകയാണ് ചെയ്തത്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സകല ഉപദേശവും ആ രണ്ടു സത്യത്തിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു.

### "ഭൗതിക ബന്ധം പ്രതീക്ഷിക്കരുത്"
### (16:16-22)

യേശു അന്നു ശിഷ്യന്മാരോടു സംസാരിച്ച പല പ്രസ്താവനകളും അവർക്കു മനസ്സിലായില്ലെങ്കിലും, നമുക്കു അവ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അത്തരത്തിലുള്ള ഒന്നാണ് 16:16–22. വരും ദിവസങ്ങളിൽ യേശുവിനെ അവർ കാണുകയില്ല എന്നവരോടു പറഞ്ഞു, എന്നാൽ "കുറഞ്ഞോന്നു കഴിഞ്ഞിട്ടു" അവർ അവനെ വീണ്ടും കാണും (16:16, 17). യേശുവിന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവ ക്രിസ്ത്യാനികൾ ഓരോ ഞായറാഴ്ച്ചയും കർത്തൃമേശ എടുക്കുന്നതിലൂടെ ഓർമ്മിക്കയാണ്. എങ്ങനെയായാലും, ക്രൂശിനുമുൻപു അതു ഊഹിക്കുവാൻ പോലും കഴിയാത്തതാണ്. ശിഷ്യന്മാർക്ക് യേശു പറയുന്നതു അസാദ്ധ്യമായ കാര്യം ആയിരുന്നു.

താൻ പുറപ്പെട്ടുപോകുമ്പോൾ ശിഷ്യന്മാർ ആ സാഹചര്യം തരണം ചെയ്യേണ്ടതിനു അവരെ തുടർച്ചയായി ഒരുക്കിക്കൊണ്ടിരുന്നു; അന്നു അവർ എത്ര തെറ്റിദ്ധരിക്കപ്പെട്ടിരുന്നാലും അടുത്ത ദിവസം യേശുവിനെ ക്രൂശിൽ തറെക്കുമ്പോൾ, അവർ കൂടുതൽ പരിഭ്രമിക്കപ്പെടും എന്നു യേശു അറിഞ്ഞിരുന്നു. അതുകൊണ്ടു, ഉടനെ എന്തു സംഭവിക്കുവാനിരിക്കുന്നു എന്ന സന്ദേശം അവൻ കൊടുത്തുകൊണ്ടിരുന്നു. ലോകം സന്തോഷിക്കുമ്പോൾ അവർ വിലപിക്കും എന്നു യേശു പറഞ്ഞിരുന്നു; എങ്കിലും അവൻ പറഞ്ഞു, പിന്നീടു, ശിഷ്യന്മാർ സന്തോഷിക്കുകയും ലോകം വിലപിക്കുകയും ചെയ്യും (16:20–22). ഇതാണ് യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പു എന്നിവയിൽ നടന്നത്, എന്നാൽ ആ സുപ്രധാന സത്യം ശിഷ്യന്മാർക്കു ആ സമയത്തു മന

സ്സിലാക്കുവാൻ കഴിഞ്ഞില്ല.

### "എന്റെ നാമത്തിൽ പ്രാർത്ഥിക്കുക" (16:23-28)

താൻ പിതാവിങ്കലേക്കു ആരോഹണം ചെയ്താൽ അവരുടെ സാഹചര്യം എങ്ങനെ നന്നാക്കി എടുക്കുവാൻ കഴിയുമെന്നു യേശു ശിഷ്യന്മാരെ തുടർച്ചയായി ആശ്വസിപ്പിക്കയും ഒരുക്കുകയും ചെയ്തുകൊണ്ടിരുന്നു: "അന്നു നിങ്ങൾ എന്നോടു ഒന്നും ചോദിക്കയില്ല. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കുതരും. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും" (16:23, 24). അതെങ്ങനെ സത്യമായി സംഭവിക്കുമെന്ന് അവർക്ക് അറിയില്ലായിരുന്നുവെങ്കിലും, താൻ സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയാൽ, വർണ്ണിക്കുവാൻ പറ്റാത്ത ആത്മീയ ശക്തി ലോകത്തിലേക്കു അയക്കുമെന്നു അവൻ ഉറപ്പിച്ചു പറഞ്ഞു: താൻ ചിന്തുവാൻ പോകുന്ന സർവ്വലോകത്തിനുമായുള്ള രക്തവും, വരുവാനുള്ള പരിശുദ്ധാത്മാവും ശക്തമായി ഊഹിക്കുവാൻ പോലും കഴിയാത്ത വിധത്തിൽ ലോകത്തിൽ പ്രവർത്തിക്കും! ആലങ്കാരിക ഭാഷയിലാണ് യേശു അവരോടു പറഞ്ഞത്, കാരണം അവരെ ആ സമയത്തു ഒരുക്കേണ്ടതായിരുന്നു. എങ്ങനെയായാലും, അവൻ അർത്ഥമാക്കിയതു ഉടനെ അവർക്കു "വ്യക്തമാകും" (16:25). അവർ അവന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ, അവർക്കു ദൈവം അതു നല്കും (16:26–28).

### "എന്നിൽ വിശ്വസിപ്പിൻ" (16:29-32)

യേശു ശിഷ്യന്മാരെ ആശ്വസിപ്പിച്ച വാക്കുകളോടു അവർ പ്രതികരിച്ചതു തങ്ങളുടെ വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ടാണ്. അവർ പറഞ്ഞു, *"നീ സകലവും അറിയുന്നു എന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്കു ആവശ്യമില്ല എന്നും ഞങ്ങൾ അറിയുന്നു; ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറഞ്ഞു"* (16:30; എംഫസിസ് മൈൻ). വീണ്ടും, യോഹന്നാന്റെ സുവിശേഷത്തിൽ "വിശ്വാസം" എന്ന വാക്കിന്റെ പ്രാധാന്യം നാം തിരിച്ചറിയുന്നു. ദൈവ പുത്രനാണ് യേശു എന്ന വിശ്വാസലക്ഷ്യമാണ് ഈ സുവിശേഷത്തിലുള്ളത് (20:30, 31). യോഹന്നാൻ "വിശ്വാസം" എന്ന വാക്ക് പലവിധത്തിൽ ഉപയോഗിച്ചിട്ടുള്ളതായി നമ്മെ ഓർപ്പിക്കുന്നുണ്ട്. ചില വാക്യങ്ങൾ ഒരു വ്യക്തിയുടെ അവകാശത്തെ സത്യമായി സ്വീകരിക്കുന്നതിനു ഉപയോഗിച്ചിട്ടുണ്ട്. മറ്റുള്ളവയിൽ അർത്ഥമാകുന്നതു ആരെങ്കിലും ദൈവപുത്രനായി യേശുവിനെ സ്വീകരിക്കുന്നതിനാണ്. ചിലപ്പോൾ യേശുവിലുള്ള വിശ്വാസം "പരസ്യമാക്കുന്നതിനു" ഉപയോഗിച്ചിട്ടുണ്ട്. മറ്റു ചില സമയത്ത് ഒരാൾ യേശുവിനെ അനുഗമിക്കുന്നതിൽ "ഉറച്ചു നില്ക്കുന്നു" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. 16:30-ൽ യേശുവിന്റെ അവകാശങ്ങൾ സത്യ

മാണെന്നു ശിഷ്യന്മാർ സ്വീകരിക്കയാണ്; അവൻ "ദൈവത്തിൽ നിന്നു വന്നു" എന്നു അവർ വിശ്വസിച്ചു.

അവരുടെ വിശ്വാസപ്രസ്താവനയെ യേശു വെല്ലുവിളിക്കുകയായിരുന്നു, കാരണം അവരുടെ തീർച്ചക്കായി അവർ ഒരുങ്ങിയിട്ടില്ലെന്നു അവനറിയാമായിരുന്നു (16:32). അവർ എല്ലാവരും അവനെ തനിച്ചാക്കിയിട്ടു വിട്ടുപോകും എന്നു അവൻ അറിഞ്ഞിരുന്നു. ആ സമയത്ത്, യേശു യോഹന്നാന്റെ സുവിശേഷത്തിനു പുറത്തുനോക്കി ഇന്നു നമുക്ക് അവനിലുള്ള വിശ്വാസത്തിനും വെല്ലുവിളി തരികയാണ്. നാം വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടോ? അവൻ ദൈവപുത്രനാണെന്നു നാം വിശ്വസിക്കുന്നുണ്ട് എന്നു പറയും പക്ഷെ കഷ്ടത വരുമ്പോൾ നാം അവന്നുവേണ്ടി നില്ക്കുമോ? യോഹന്നാന്റെ സുവിശേഷം അപ്പൊസ്തലന്മാരുടെ വിശ്വാസ സംഭവം മാത്രമല്ല; അതു നമ്മുടെ വിശ്വാസവും അടങ്ങുന്നതാണ്!

### "എന്റെ സമാധാനം കൈക്കൊൾക" (16:33)

അദ്ധ്യായം 16-ൽ യേശുവിന്റെ ഉപദേശങ്ങൾ എല്ലാം ഒരേ വിഷയത്തിലേക്കു വരുന്നു, അതായിരിക്കണം വാക്യം 33 ലെ സന്ദേശം. എല്ലാ മുന്നറിയിപ്പുകളും, എല്ലാ പ്രവചനങ്ങളും അപ്പൊസ്തലന്മാരുടെ ജീവിതത്തിലെ ക്ഷുബ്ധമായ സമയത്ത് അവരെ ആശ്വസിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു! അവരുടെ ജീവിതം കുഴപ്പരഹിതമായിരിക്കും എന്നു യേശു ഒരിക്കലും ശിഷ്യന്മാരോടു പറഞ്ഞിരുന്നില്ല, എന്നാൽ കുഴപ്പത്തിന്റെ മദ്ധ്യേ അവർക്ക് ദൈവികസമാധാനം ഉണ്ടാകും എന്നു അവൻ വാഗ്ദാനം ചെയ്തിരുന്നു: "നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു" (16:33). ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നതു "ഞാൻ" എന്നതാണ്. പല രീതിയിലും അടുത്ത ഇരുപത്തി - നാലു മണിക്കൂറുകൾ മതി. ലോകം ജയിച്ചു, തിന്മ വിജയിച്ചു എന്നു അപ്പൊസ്തലന്മാർ വിചാരിക്കുവാൻ. ആ അവസ്ഥ അതിജീവിക്കുവാൻ യേശു ലോകത്തെ ജയിച്ചിരിക്കുന്നു എന്നു അവർ അറിയുവാൻ യേശു ആഗ്രഹിച്ചു. കൂടാതെ ഗ്രീക്കിൽ "ജയിച്ചിരിക്കുന്നു" എന്ന പൂർണ്ണകാലമാണ് ഉപയോഗിച്ചിരിക്കുന്നത്; അതിന്റെ അർത്ഥം, "ഞാൻ ലോകത്തെ ജയിച്ചിരിക്കയാൽ, അതായതു യേശുക്രിസ്തു ലോകത്തെ ജയിച്ചു കഴിഞ്ഞിരിക്കയാണ്!" എന്നാൽ ക്രൂശിൽ തറക്കൽ അടുത്ത ദിവസം സംഭവിക്കുവാനിരിക്കുന്നതേയുള്ളു, യേശു പറഞ്ഞതു, സംഭവിക്കുവാൻ പോകുന്നതെല്ലാം പദ്ധതി തയ്യാറായതനുസരിച്ചാണ് എന്നത്രേ, ഉടനെ സംഭവിക്കുന്ന കാര്യങ്ങളിൽ അവർ അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

### ഉപസംഹാരം

ഈ അദ്ധ്യായത്തിന്റെ, ആദ്യം, ശിഷ്യന്മാർക്കു ലഭിച്ചതായ ആശ്വാസവാക്കുകൾ, നമ്മുടെ സാഹചര്യങ്ങൾ വ്യത്യസ്തമെന്നു കരുതി,

നമ്മുടെ ലോകം അന്നത്തേതിൽ നിന്നു മാറിയതല്ലേ? എന്നു ചോദിച്ചേക്കാം. അവരെപോലെ, അപ്രതീക്ഷിത കുഴപ്പങ്ങൾ നമുക്കു നേരിടാം, അങ്ങനെ പരീക്ഷണത്താൽ ദൈവവിശ്വാസം നഷ്ടപ്പെട്ടേക്കാം. നമ്മൾ വിശ്വാസത്തിൽ നമ്മെ മാത്രം കാണുകയും നമ്മുടെ വിശ്വാസം സ്വീകാരത്തെ തള്ളിക്കളകയും കുഴപ്പം പിടിച്ച ലോകത്തിൽ സമാധാനത്തിനായി ആശിക്കുകയും ചെയ്യും. ശിഷ്യന്മാർക്കു വരുവാനിരിക്കുന്ന വലിയ കുഴപ്പത്തെ നേരിടുവാൻ അവരെ ഒരുക്കുകയായിരുന്നു യേശു. തീർച്ചയായും, അവന്റെ വാക്കുകൾ അവരെ തയ്യാറാക്കിയതുപോലെ, നാം നാളെ നേരിടുന്ന കുഴപ്പത്തെ അതിജീവിക്കുവാൻ ഒരുങ്ങുന്നതിനു അവ സഹായിക്കും. "കുഴപ്പം വരുമെന്നു പ്രതീക്ഷിച്ചു ഒരുങ്ങുക" എന്നതാണ് യേശുവിന്റെ യോഹന്നാൻ 16ലെ ഫോർമുല, കാരണം വിഷമഘട്ടങ്ങളിൽ ദൈവസമാധാനം നിലനിർത്തുക.

1995-ൽ അമേരിക്കൻ എയർഫോഴ്സിൽ വൈമാനികനായിരുന്ന സ്ക്കോട്ട് ഫ്രാൻസിസ് ഓ' ഗ്രേഡിയെ, ബോസ്നിയ - ഹെർസെഗോവിനയിൽ - കൂടെ പറക്കുമ്പോൾ വെടിവെച്ചു വീഴ്ത്തി. അയാൾ പാരച്യൂട്ടിൽ സുരക്ഷിതമായി ഇറങ്ങി, എന്നാൽ തന്നെ വെടിവെച്ചവർ താഴെ വന്നു തിരഞ്ഞു തന്നെ തടവിലാക്കും എന്നയാൾ മനസ്സിലാക്കിയിരുന്നു. ഫയർഫോർസിലെ സുരക്ഷാ പരിശീലനം വർഷങ്ങളായി നടത്തിയിരുന്നത് ഉപയോഗപ്പെടുത്തി ശത്രു സൈന്യങ്ങളിൽ നിന്നു ആറുദിവസം ഒളിച്ചിരിക്കുകയും പിന്നീട് മറൈൻസ് വന്നു രക്ഷപ്പെടുത്തുകയും ചെയ്തു. ആ സമയത്തു അയാൾ കുടിച്ചതു മഴ വെള്ളവും ഭക്ഷിച്ചതു പ്രാണികളും ആയിരുന്നു. തന്റെ ആപത്തിനെക്കുറിച്ചു അഭിമുഖം നടത്തിയപ്പോൾ ഒ'ഗ്രേഡി പറഞ്ഞതു തന്റെ ജീവൻ രക്ഷിക്കുവാനിടയായതു ലഭിച്ച ട്രെയിനിങ് ആയിരുന്നു എന്നാണ്. എയർഫോഴ്സ്, വരുവാനിടയുള്ള കുഴപ്പങ്ങൾ സംഭവിക്കുമെന്നു പഠിപ്പിച്ചിട്ടുണ്ട്, അതുകൊണ്ട് അയാൾ അതിനു തയ്യാറെടുക്കുകയും ചെയ്തിരുന്നു.

തന്റെ ശിഷ്യന്മാർ ഇന്നു നേരിടുന്ന ഭയങ്കരമായ കുഴപ്പങ്ങളെക്കുറിച്ചു ചിന്തിച്ചു വിഷമിക്കുവാൻ യേശു ആഗ്രഹിക്കുന്നില്ല **(**മത്തായി 6:25-34**)**; എന്നാൽ കുഴപ്പം ഒരു ശിഷ്യന്റെ ജീവിതത്തിലെ ഭാഗമാണെന്നു അവർ അറിയുവാൻ അവൻ ആഗ്രഹിക്കുന്നു. ഇതറിഞ്ഞുകൊണ്ടു, നമുക്ക് ഒരുങ്ങിയിരിക്കാം, അതുകൊണ്ടു കുഴപ്പം വരുമ്പോൾ നാം ആത്മീയമായി നശിച്ചുപോകയില്ല.

ഈ അദ്ധ്യായം പറയുന്നതു പല സമയത്തും നാം ചിന്തിക്കാത്തതു കേൾക്കണം, ആ സമയത്തു നാം അതു കേൾക്കണം. ചിലപ്പോൾ ആളുകൾ ബൈബിൾ ക്ലാസിനെയോ പ്രസംഗത്തെയോ പരാതിപ്പെടാറുണ്ട്. "അതു ഇപ്പോൾ ഞാൻ എവിടെ ആയിരിക്കുന്നുവോ എന്നതിന് യാതൊരു ബന്ധവുമില്ല." സത്യം എന്തെന്നാൽ "നാം എവിടെ ആയിരിക്കുന്നില്ലയോ" അതിനേക്കുറിച്ചുള്ള പാഠമാണ് നാം കേൾക്കേണ്ടത്. അതായതു, നാം ക്രമേണ എവിടെ എത്തുമോ, ഭാവിയിൽ നേരിടുന്ന സാഹചര്യത്തിനായി ഒരുങ്ങണം എന്നർത്ഥം. അദ്ധ്യായം 16-ൽ യേശു പറഞ്ഞതു തീർച്ചയായും ശിഷ്യന്മാർ ആസ്വദിച്ചില്ല, എന്നാൽ അവർ അതു കേൾക്കണം എന്നു യേശു ആഗ്രഹിച്ചു. അതുപോലെ തിരുവെ

ഴുത്തിലെ സന്ദേശങ്ങൾ മുഴുവനും നാം കേൾക്കണം. പിന്നെ, പൗലൊസ് പറഞ്ഞതുപോലെ, എന്തുവന്നാലും നേരിടുവാൻ നാം മുഴുവനായും ഒരുങ്ങിയിരിക്കും (2 തിമൊഥെയോസ് 3:14–17).

പതിനാലും പന്ത്രണ്ടും വയസ്സുള്ള, രണ്ടു പെൺമക്കളാണ് എനിക്കുള്ളത്. ഒരു രക്ഷകർത്താവു എന്ന നിലയിൽ, എന്റെ ക്ലോക്ക് അടിയുടെ ശബ്ദം കൂടികൂടി വരുന്നതു എനിക്കു കേൾക്കാം. എനിക്കു എന്റെ മക്കളുമായി ചെലവിടുവാനുള്ള സമയം ഏതാനും വർഷങ്ങൾകൊണ്ടു തീരും എന്നെനിക്കറിയാം, അവർ വീട്ടിൽ നിന്നുപോകും. അവർ അതിനു തയ്യാറായിട്ടുണ്ടോ എന്നു ഞാൻ പലപ്പോഴും സംശയിക്കും. അവർ ലോകത്തിൽ എങ്ങനെ ജീവിക്കും? അവർക്കു കാര്യങ്ങളെല്ലാം സ്വയമായി ചെയ്യുവാൻ പ്രാപ്തിയുണ്ടോ? അവർ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടുവാൻ ഉറച്ച വിശ്വാസം അവർക്കു യേശുവിൽ ഉണ്ടോ? അവരുടെ ഭാവി എന്തായിരിക്കും എന്നെനിക്കറിഞ്ഞുകൂടാ, അവർ എന്തിനേയും നേരിടുവാൻ എന്റെ ഭാഗത്തുനിന്നു വേണ്ട തയ്യാറെടുപ്പുകൾ ഞാൻ നടത്തിയിട്ടുണ്ടോ എന്നെനിക്കു അറിയില്ല.

മക്കളെ ലോകത്തിലേക്കു അയക്കുന്ന ഒരു രക്ഷകർത്താവിന്റെ കരുതൽ പോലെയാണ് നമ്മുടെ വേദഭാഗത്തിൽ യേശുവിനുണ്ടായിരുന്നത്. താൻ പോയാൽ “കാര്യസ്ഥനെ” തന്റെ അനുയായികളിൽ അയക്കാമെന്നു അവൻ പറഞ്ഞു. അങ്ങനെ നമ്മുടെ ജീവിതത്തിനു സത്യം ഒരു നങ്കൂരമായി തന്നു. പകൽ കഴിഞ്ഞാൽ രാത്രി ഉണ്ടാകുന്നതുപോലെ, നമ്മുടെ സന്തോഷം കഴിഞ്ഞാൽ ദുഃഖമാകും ഉണ്ടാവുക; നമ്മുടെ നന്മ ആഗ്രഹിക്കുന്ന സ്നേഹവാനായ പിതാവു നമ്മുടെ പ്രാർത്ഥന കേൾക്കും, യേശു ലോകത്തെ ജയിച്ചിരിക്കയും ചെയ്തിരിക്കുന്നു. അതിൽ കൂടുതൽ എന്താണ് കേൾക്കേണ്ടത്? നാളെ നമ്മുടെ ജീവിതത്തിൽ എന്തു വന്നാലും, കുഴപ്പമായാലും ശാന്തതയായാലും, നമുക്കു സമാധാനമുണ്ടാകും. കാരണം യേശു നമുക്ക് ഒരു ഭാവി ഒരുക്കിയിട്ടുണ്ട്!

ഈ അദ്ധ്യായത്തിന്റെ അന്തസത്ത എഴുതപ്പെട്ടതിൽവച്ച് ഏറ്റവും മനോഹരമായ ഒരു ഗാനത്തിൽ പ്രതിഫലിച്ചിരിക്കുന്നു:

ഈ ഇരുണ്ട പാപലോകത്തിൽ സമാധാനം, തികഞ്ഞ സമാധാനം;
യേശുവിന്റെ രക്തം ഉള്ളിൽ സമാധാനം വിതറുന്നു.
കർത്തവ്യവ്യൂഹത്താൽ സമ്മർദ്ദം ഏല്ക്കുമ്പോൾ, സമാധാനം,
തികഞ്ഞ സമാധാനം.
ദുഃഖത്തിരമാല ചുറ്റും അടിക്കുമ്പോൾ, സമാധാനം, തികഞ്ഞ സമാധാനം.
യേശുവിന്റെ മടിയിൽ ശാന്തത കണ്ടെത്താം.
പ്രിയപ്പെട്ടവർ അകന്നുപോകുമ്പോൾ, സമാധാനം തികഞ്ഞ സമാധാനം;
അവരും, നാമും യേശുവിൽ സുരക്ഷിതരായി സൂക്ഷിക്കപ്പെടും.
നമുക്ക് ആർക്കും അറിയാത്ത ഭാവിയിൽ, സമാധാനം, തികഞ്ഞ

സമാധാനം.
യേശു സിംഹാസനത്തിലുണ്ടെന്നു, നാം അറിയുന്നു.
അതുമതി; ഭൂമിയിലെ പോരാട്ടങ്ങൾ പെട്ടെന്നു ഇല്ലാതാകും
സ്വർഗ്ഗത്തിന്റെ തികഞ്ഞ സ്നേഹത്തിനായി യേശു വിളിക്കുന്നു.
എഡ്‌വേർഡ് എച്ച്. ബിക്കെർസ്റ്റെത്ത്

---

കുറിപ്പുകൾ

[1]ഈ സംഭവം ഉല്പത്തി 32:22-32-ൽ കാണാം. [2]ഗ്രീക്കുവാക്ക്, *പാരക്ലീറ്റസ്*, അർത്ഥം "സഹായി," "മന്ത്രി," "ആശ്വാസകൻ," "അഭിഭാഷകൻ," അല്ലെങ്കിൽ "ഒരാൾ തന്റെ വശത്തുവന്നു സഹായിക്കൽ" എന്നാണ്. ഇവിടെ അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു പെന്തെക്കൊസ്തുദിനത്തിൽ പകരുന്നതിനെ സൂചിപ്പിക്കുന്നു (പ്രവൃത്തികൾ 2), അതു യേശു ഉയിർത്തെഴുന്നേല്ക്കുകയും സ്വർഗ്ഗാരോഹണവും ചെയ്തശേഷം.

© 2009 Truth for Today